**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **14-01-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി മേഖലയിലെ ശോച്യാവസ്ഥ മുതലെടുത്ത് ആദിവാസികളെ മാവോയിസ്റ്റുകൾ സ്വാധീനിക്കുന്നു എന്നത് വസ്തുതയാണോ; | (എ) | പട്ടികവർഗ്ഗ കോളനികളിൽ മാത്രമായി മാവോയിസ്റ്റ പ്രവർത്തനം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ആദിവാസി കോളനികളിലെ ശോച്യാവസ്ഥയാണ് മാവോയിസ്റ്റുകളുടെ ഈ മേഖലയിലെ സ്വാധീനത്തിന്റെ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ കോളനികളിൽ മാത്രമായി മാവോയിസ്റ്റ പ്രവർത്തനം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | എങ്കിൽ മാവോയിസ്റ്റ് സ്വാധീനം ഇല്ലാതാക്കുവാൻ ആദിവാസി കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പട്ടികവർഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, സാമൂഹ്യ, ഭൗതിക സാഹചര്യം ഉയർത്തുന്നതിനും വിദ്യാഭ്യാസം ഉൾപ്പെടെ മറ്റ് എല്ലാവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ആദിവാസി മേഖലയിൽ റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ പട്ടികവർഗ്ഗവകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | വിവിധ പഞ്ചായത്തുകളിൽ റേഷൻ കാർഡിന് ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത പട്ടികവർഗ കുടുംബങ്ങളെ കണ്ടെത്തി ഗ്രാമപഞ്ചായത്ത്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് റേഷൻ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ ഗ്രാമ പഞ്ചായത്തു കളിൽ റേഷൻ കാർഡിൽ പേര് ചേർക്കൽ/പുതുക്കൽ/ അപേക്ഷ സമർപ്പിക്കൽ എന്നിവയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസിന്റെ സഹകരണത്തോടെ ക്യാമ്പുകളും, അദാലത്തുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇനിയും ശേഷിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതു വിതരണ വകുപ്പ്, ജില്ലാ ഭരണകൂടങ്ങൾ എന്നിവ സംയുക്തമായി ചേർന്ന് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ